**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1794** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാര റാങ്കിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനും അക്കാദമിക്ക് മികവിന്റെ അടിസ്ഥാനത്തിൽ റാങ്കിംഗ് ചെയ്യുന്നതിനും സംസ്ഥാനതലത്തിൽ പ്രത്യേകമായ സെന്ററുകൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെയും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായി SAAC എന്ന സംസ്ഥാനതല അക്രഡിറ്റേഷൻ സംവിധാനം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ രൂപീകരിച്ചിട്ടുണ്ട്.സർവ്വകലാശാലകൾ, സർക്കാർ,എയ്ഡഡ് കോളേജുകൾ, സ്വയംഭരണ കോളേജുകൾ, സ്വാശ്രയ സ്ഥാപനങ്ങൾ/ കോളേജുകൾ എന്നിവയുൾപ്പെടെ സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സംസ്ഥാനതല അക്രഡിറ്റേഷനും ഗ്രേഡുകളും വിലയിരുത്തി നൽകുക എന്നതാണ് SAAC ന്റെ ലക്ഷ്യം. ഇതിലൂടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ദേശീയവും അന്തർദ്ദേശീയവുമായ അക്രഡിറ്റേഷൻ പ്രവർത്തനങ്ങൾക്ക് സജ്ജമാക്കുന്നു.<br><br>സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗവേഷണ നിലവാരം, അദ്ധ്യാപന ഗുണമേന്മ എന്നിവ മെച്ചപ്പെടുത്താനും മികച്ച വിദ്യാഭ്യാസ സാധ്യതകൾ തേടുന്ന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉചിതമായ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നതിനും , കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF) വികസിപ്പിച്ചെടുത്തിട്ടുണ്ട്.<br><br>ദേശീയ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിനെ അടിസ്ഥാനമാക്കി രൂപകൽപ്പന ചെയ്തിട്ടുള്ളതിനൊപ്പം സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങളായ ശാസ്ത്രീയ മനോഭാവവും മതേതര കാഴ്ച്ചപ്പാടും (Scientific Temper and Secular Outlook - STSO) ഹരിത സാങ്കേതിക വിദ്യയുടെ ഉപയോഗം (Adoption of Green Technology - GT) |

| | | | |
|---|---|---|---|
| | | | ആദ്യതലമുറ പഠിതാക്കൾ (First Generation Learners - FGL) തുടങ്ങിയവയും KIRF-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | ആലപ്പുഴ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഏതെല്ലാം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് ഇത്തരത്തിൽ ഗുണനിലവാര റാങ്കിംഗ് ലഭ്യമാക്കിയിട്ടുള്ളതെന്നും ഇതിനായി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ; | (ബി) | സംസ്ഥാനതല അക്രഡിറ്റേഷൻ (SAAC) 2021-23 കാലയളവിൽ ആലപ്പുഴ ജില്ലയിലെ ബിഷപ്പ് മൂർ കോളേജ് എ ഗ്രേഡ് (സിജിപിഎ-3.21) നേടിയിട്ടുണ്ട്. NAAC, NIRF, KIRF എന്നിവയടക്കമുള്ള സംസ്ഥാന, ദേശീയ, അന്തർദേശീയ ഏജൻസികളുടെ അക്രഡിറ്റേഷൻ/റാങ്കിംഗ് പ്രക്രിയകൾക്ക് വിധേയമാകാൻ SLQAC മുഖേന പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തു വരുന്നു. |
| (സി) | പ്രസ്തുത സംവിധാനം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാര വർദ്ധനവിന് ഏതെല്ലാം തരത്തിൽ സഹായകരമാകണമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | (സി) | ദേശീയ അന്തർദേശീയ റാങ്കിംഗിനും അക്രഡിറ്റേഷനും കേരളത്തിലെ സർവ്വകലാശാലകളെയും കോളേജുകളെയും സജ്ജമാക്കുന്നതിൽ KIRF നും SAAC നും നിർണ്ണായക പങ്കുണ്ട്. അതിന് പുറമെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ മാനദണ്ഡങ്ങളിൽ ഭരണഘടനയും മറ്റും ഉയർത്തിപ്പിടിക്കുന്ന മഹത്തായ മൂല്യങ്ങളായ മതേതര കാഴ്ച്ചപാടും ശാസ്ത്രീയ മനോഭാവവും സംബന്ധിച്ച സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങളും വിശദാംശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ക്വാളിറ്റി അസെസ്സ്മെന്റ്, അക്രഡിറ്റേഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ള State Level Quality Assurance Cell –Kerala (SLQAC-Kerala) വിദ്യാഭ്യാസ സ്ഥാപനങ്ങളെ NAAC , NIRF , KIRF എന്നിവയടക്കമുള്ള സംസ്ഥാന, ദേശീയ, അന്തർദേശീയ ഏജൻസികളുടെ അക്രഡിറ്റേഷൻ/ റാങ്കിംഗ് പ്രക്രിയകൾക്ക് വിധേയമാകാൻ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ